**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2804** **28-02-2023 - ൽ മറുപടിയ്ക്ക്**

**ബ്ലാവന,ബംഗ്ലാവ് കടവ് പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം നിയോജക മണ്ഡലത്തിലെ കുട്ടമ്പുഴ ഗ്രാമ പഞ്ചായത്തിലെ ബ്ലാവന, ബംഗ്ലാവ് കടവ് പാലങ്ങളുടെ ഇൻവെസ്റ്റിഗേഷന് വേണ്ടി ഭരണാനുമതി ലഭ്യമായിട്ടുണ്ടെങ്കിലും വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ബ്ലാവന-കല്ലേലിമേട് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിക്ക് വനഭൂമി ആവശ്യപ്പെട്ടു കൊണ്ട് പൊതുമരാമത്ത് വകുപ്പ് പരിവേഷ് പോർട്ടലിൽ സമർപ്പിച്ച അപേക്ഷ നിലവിൽ ഡ്രാഫ്റ്റ് സ്റ്റേജിൽ യൂസർ ഏജൻസിയിൽ<br>തന്നെ നിലനിൽക്കുകയാണ്. ടി പ്രവർത്തിയുടെ ഇൻവെസ്റ്റിഗേഷന്റെ ഭാഗമായി സർവ്വേ ചെയ്യുന്നതിനും ബോർഹോൾ എടുക്കുന്നതിനുമായി യൂസർ ഏജൻസി 06.05.2022 ൽ സമർപ്പിച്ച<br>അപേക്ഷയിൽ തുടർ നടപടി സ്വീകരിക്കുന്നതിനായി ആയത് പരിവേഷ് പോർട്ടലിൽ സമർപ്പിക്കാൻ 09.01.2023 ൽ മലയാറ്റൂർ<br>ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ യൂസർ ഏജൻസിക്ക് അറിയിപ്പ് നൽകിയിരുന്നു ആയത് യൂസർ ഏജൻസി നാളിതുവരെ പരിവേഷിൽ സമർപ്പിച്ചിട്ടില്ലാത്തതാണ്.<br>ബംഗ്ലാകടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തിയുടെഭാഗമായി ബോർ ഹോൾ എടുക്കുന്നതിന് പരിവേഷ് പോർട്ടലിൽ യൂസർ ഏജൻസി അപേക്ഷ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി വനം വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിന് വേണ്ടി പൊതുമരാമത്ത് വകുപ്പിൽ നിന്നും അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ബ്ലാവന ബംഗ്ലാകടവ് പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തിയുടെ ഭാഗമായി സർവ്വേ ചെയ്യുന്നതിനും ബോർഹോൾ എടുക്കുന്നതിനും അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള യൂസർ ഏജൻസിയുടെ കത്തുകളിന്മേൽ 09.01.2023, 16.02.2023 തീയതികളിൽ യൂസർ ഏജൻസിക്ക് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മലയാറ്റൂർ അറിയിപ്പ് നൽകിയിട്ടുണ്ട്. ഇപ്രകാരം പരിവേഷ് പോർട്ടലിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | എങ്കിൽ പ്രസ്തുത അപേക്ഷ പ്രകാരം നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് അടിയന്തര നടപടി | (സി) | ആവശ്യപ്പെട്ട വിവരങ്ങൾ യൂസർ ഏജൻസി പരിവേഷിൽ സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | | ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ